പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5326 15.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി യെ ലാഭത്തിലാക്കാൻ സ്വീകരിച്ച നടപടികൾ

ചോദ്യം

ശ്രീ.സി. കെ. ശശീന്ദ്രൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ കെ.എസ്.ആർ.ടി.സി യുടെ ട്രിപ്പുകൾ മുടങ്ങുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഉണ്ട്.<br>ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവ് മൂലം കെ.എസ്.ആർ.ടി.സി ഒക്ടോബർ മാസത്തിൽ ശരാശരി 355 ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. എന്നാൽ യാത്രക്കാർക്ക് ഗുണകരമാകുന്ന സർവ്വീസുകൾ നടത്തുന്നതിന് മുൻഗണന നൽകി യാത്രാക്ലേശം ഒഴിവാക്കുന്നതിനും ഇതിനോടകം നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ജീവനക്കാർ കൂടുതലുള്ള യൂണിറ്റുകളിൽ നിന്നും കുറഞ്ഞ യൂണിറ്റുകളിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജീവനക്കാരെ നിയോഗിക്കുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി യെ ലാഭത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൽക്കട്ടയിലെ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ സമഗ്ര പഠനത്തിനായി സർക്കാർ നിയോഗിക്കുകയും ഇദ്ദേഹത്തിൽ നിന്നും ലഭിച്ച ഇടക്കാല പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ ഭരണം, സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി വായ്പകളുടെ പുനഃക്രമീകരണം നടത്തുകയും, മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടു വരികയും ചെയ്തു. കൂടാതെ കെ.എസ്.ആർ.ടി.സി.യിൽ മേഖലാവത്ക്കരണം നടപ്പിലാക്കി മൂന്ന് ലാഭകേന്ദ്രങ്ങളാക്കി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടോട്ടൽ അക്കൗണ്ടിംഗ്, സ്റ്റോർ, ഇൻവെന്ററി മാനേജ്മെന്റ് തുടങ്ങിയവ നടപ്പിലാക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് യാത്രക്കാരെ ആകർഷിയ്ക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്ക്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടു കൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം M/s. Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. വെറ്റ് ലീസ് വ്യവസ്ഥയിൽ ബസ് സർവ്വീസ് നടത്തി വരുമാന വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്.ആർ.ടി.സി.യും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുംമൂലം കെ.എസ്. ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. തമിഴ്നാട്ടും കർണ്ണാടകവും ആയുള്ള അന്തർ സംസ്ഥാന കരാറുകൾ പുതുക്കുകയും അതിൻ പ്രകാരം പുതിയ സർവ്വീസുകളും പ്രത്യേക വാരാന്ത്യ അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ കുറവ് മൂലം വാഹനം ഓടിക്കാൻ കഴിയാത്ത അവസ്ഥ കുറയ്ക്കുന്നതിന്, കേരള പി.എസ്.സി. നിയമനോപദേശം നൽകിയ കണ്ടക്ടർ വിഭാഗം ജീവനക്കാരെ മുഴുവൻ ഒഴിവുള്ള യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. വർക്ക്ഷോപ്പുകളുടെ ആധുനികവത്കരണം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബസ്-ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയായ 5.5-ലേക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരികയാണ്. യാത്രക്കാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചതുമൂലം ചെലവിനത്തിൽ കുറവുണ്ടാകുകയും, പ്രതി ബസ്, പ്രതി കി.മീറ്റർ വരുമാനത്തിൽ വർദ്ധനവുണ്ടാകുകയും, ഡീസൽ ചെലവ് ലാഭിയ്ക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം പരിഷ്ക്കരിച്ചതിന്റെ |

| | | | |
|---|---|---|---|
| | | | ഫലമായി വാഹനങ്ങൾ സർവ്വീസ് കഴിഞ്ഞ് വരുന്ന സമയങ്ങളിൽ ആവശ്യത്തിനനുസൃതമായി ജീവനക്കാരെ ലഭ്യമാക്കാൻ സാധിച്ചു. കൂടാതെ നൂറിൽ അധികം വാഹനങ്ങൾ പകൽ അറ്റകുറ്റപണികൾക്കായി പിടിച്ചിടുന്നത് ഒഴിവാക്കാനും ഫ്ലീറ്റ് യൂട്ടിലൈസേഷൻ വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽ നിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, സർവ്വീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച പ്രവൃത്തി ദിവസമാക്കുകയും ചെയ്തു. സർക്കാരിന്റെ മേൽ നോട്ടത്തിൽ, കെ.എസ്.ആർ.ടി.സി.യും, സഹകരണ ബാങ്കുകളും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന കരാർ പ്രകാരം പെൻഷൻ കൃത്യമായി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി കോർപ്പറേഷന് കൂടുതൽ ഗുണകരമാകുന്ന തരത്തിൽ നടപ്പിലാക്കിയതിലൂടെ തൊഴിലാളികളുടെ സഹകരണം പരമാവധി ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ ആരംഭിച്ച പുതിയ സർവ്വീസുകൾ ഏതൊക്കെ എന്ന് വിശദമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 41 ഓർഡിനറി ബസ്സുകളാണ് പുതിയ സർവ്വീസ് തുടങ്ങുന്നതിലേയ്ക്കായി വയനാട് ജില്ലയിലേക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. വയനാട് ജില്ലയിൽ 33 പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 07.20 പടിഞ്ഞാറേത്തറ<br>2. 06.50 തിരുനെല്ലി<br>3. 19.00 തിരുവനന്തപുരം<br>4. 22.30 പത്തനംതിട്ട<br>5. 15.40 ഭീമനടി<br>6. 07.40 കോയമ്പത്തൂർ<br>7. 04.35 കോഴിക്കോട്<br>8. 06.15 കോഴിക്കോട്<br>9. 08.40 കോഴിക്കോട്<br>10. 05.45 കോഴിക്കോട്<br>11. 10.00 കോഴിക്കോട് |

| | | | |
|---|---|---|---|
| | | | 12. 06.20 വിംസ് ഹോസ്പിറ്റൽ<br>13. 04.45 കാഞ്ഞങ്ങാട്<br>14. 07.10 കാഞ്ഞങ്ങാട്<br>15. 16.45 കാഞ്ഞങ്ങാട്<br>16. 12.30 കോഴിക്കോട്-മടപ്പള്ളിക്കുന്ന്<br>17. 14.00 സുൽത്താൻബത്തേരി-ശാന്തിഗിരി<br>18. 07.30 മീനങ്ങാടി<br>19. 05.15 തലശ്ശേരി<br>20. 14.25 മുണ്ടക്കൈ-കോഴിക്കോട്<br>21. 13.45 മാനന്തവാടി-വെണ്ണിയോട്<br>22. 08.30 കോട്ടത്താർ<br>23. 07.10 പയ്യാമ്പള്ളി<br>24. 11.10 മാനന്തവാടി-ചെറിയംകൊള്ളി<br>25. 06.30 വിംസ്<br>26. 07.15 സുൽത്താൻബത്തേരി<br>27. 06.40 സുൽത്താൻബത്തേരി<br>28. 07.30 സുൽത്താൻബത്തേരി<br>29. 19.45 തിരുവനന്തപുരം<br>30. 20.00 കമിളി<br>31. 21.00 പുനലൂർ<br>32. 21.30 കോയമ്പത്തൂർ<br>33. 22.00 തിരുവനന്തപുരം |

**സെക്ഷൻ ഓഫീസർ**